സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :18/02/2020
Email - swdkerala@gmail.com
Phone - 0471 - 2306040

## വിജ്ഞാപനം

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശാധിഷ്ഠിത സാമൂഹ്യമുന്നേറ്റം ഉറപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി പൊതുജനസേവനം നൽകുന്ന കെട്ടിടങ്ങളിൽ , സ്ഥലങ്ങൾ എന്നിവയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാകുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'ബാരിയർ ഫ്രീ കേരള പദ്ധതി'. അപ്രകാരം ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളിലും അവയിൽ റാമ്പുകൾ, കൈവരികൾ, തടസങ്ങളില്ലാത്ത ലിഫ്റ്റുകൾ , വിശ്രമമുറികൾ, ശൗച്യ മുറികൾ , ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ , ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാൻ നിർദ്ദേശിക്കുന്നു. ഇത് കൂടാതെ ഭിന്നശേഷി അവകാശ നിയമം നിഷ്കർഷിക്കുന്നത് പ്രകാരമുള്ള എല്ലാ തരം സേവനങ്ങളും അവകാശങ്ങളും ഭിന്നശേഷി വിഭാഗത്തിന് പ്രാദേശിക തലത്തിൽ തന്നെ ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിലേയ്ക്കായി ഒരു പഞ്ചായത്തിന്റെ കീഴിൽ ഇപ്രകാരമുള്ള എന്തെല്ലാം സേവനങ്ങൾ ഉറപ്പുവരുത്താനാകുമെന്നും കണ്ടെത്തേണ്ടതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭിന്നശേഷി സൗഹൃദ മാതൃകാ പഞ്ചായത്തിന്റെ ഒരു മോഡൽ തയ്യാറാക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് ആവശ്യമായ consultations നടത്തി ഒരു മോഡൽ തയ്യാറാക്കി നൽകുന്നതിന് താൽപര്യമുള്ള ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളിൽ നിന്നും വിശദമായ പ്രൊപ്പോസൽ ക്ഷണിക്കുന്നു. ടി പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ " Harmonised guidelines and space standards for barrier free built environment for persons with Disabilities and Elderly persons-2016, ADA ചെക്ക് ലിസ്റ്റ് എന്നിവയിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽകൂടിയായിരിക്കണം . താൽപ്പര്യമുള്ള ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ വിശദമായ പ്രൊപ്പോസൽ 10-03-2020 ന് മുമ്പ് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ്, 5-ാംനില, വികാസ്ഭവൻ, തിരുവനന്തപുരം (Ph.0471-2306040) എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

SUBASH KUMAR

f/ സാമൂഹ്യനീതി ഡയറക്ടർ

SUBHASH KUMAR. K.V
Assistant Director